# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.302 — 01.12.2014 ന് മറുപടിയ്ക്ക്.

## വന്യജീവി വാരാഘോഷം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം.ഷാജി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതലുള്ള ഒരാഴ്ചക്കാലം വന്യജീവി വാരമായി വർഷം തോറും ആചരിച്ച് വരുന്നുണ്ട്. വനം-വന്യജീവി സംരക്ഷണ സന്ദേശം പൊതുജനങ്ങളിൽ, പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ എത്തിക്കുകയും വിവിധ പരിപാടികളിലൂടെ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തവും പ്രേരണയും ഉറപ്പ് വരുത്തുകയുമാണ് വന്യജീവി വാരാഘോഷത്തിന്റെ ഉദ്ദേശലക്ഷ്യം. ഇതുവഴി ഭാവി തലമുറയ്ക്ക് മെച്ചപ്പെട്ട പാരിസ്ഥിതിക ബോധവും സുസ്ഥിര വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ഉണ്ടാകണമെന്ന് ലക്ഷ്യമിടുന്നു. |
| (ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ആഘോഷപരിപാടികൾ എന്തൊക്കെയാണ്; പ്രസ്തുത ആഘോഷത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിരുന്നുവെന്ന് വിശദമാക്കുമോ; | (ബി) വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ജില്ലാ, സംസ്ഥാന തല മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രകൃതിയേയും വന്യജീവികളേയും അടിസ്ഥാനമാക്കി പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങളിലും പൊതുജനങ്ങൾക്കായി ഫോട്ടോഗ്രാഫി, പോസ്റ്റർ രചനാ മത്സരം എന്നീ ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും അനുഗമിക്കുന്ന ഒരു രക്ഷാകർത്താവിനും ഭക്ഷണവും താമസ സൗകര്യവും സ്ലീപ്പർ ക്ലാസ് യാത്രാ സൗകര്യവും നൽകുന്നു. വന്യജീവി വാരത്തിൽ പൊതുജനങ്ങൾക്കും, അടുത്ത ഒരു വർഷത്തേക്ക് മത്സര വിജയികൾക്കും പ്രവേശന ഫീസ് കൂടാതെ തന്നെ സൗജന്യമായി ദേശീയോദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും സന്ദർശിയ്ക്കാവുന്നതാണ്. വാരാഘോഷത്തിന്റെ ഭാഗമായി ഫോട്ടോ പ്രദർശനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയും സംഘടിപ്പിച്ചിരുന്നു. |

(സി) ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ നല്കാമോ?

(സി) 2014 വർഷത്തെ വന്യജീവി വാരാഘോഷത്തിന്റെ നടത്തിപ്പിനായി 26,75,000/- രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനതല ഉദ്ഘാടന പരിപാടിയ്ക്കായും, 14 ജില്ല-കളിലെ മത്സരങ്ങൾക്കും, സംസ്ഥാന തല മത്സരങ്ങൾക്കുമുള്ള സമ്മാനത്തുക വിതരണം, സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ, സംസ്ഥാനതല സമാപന സമ്മേളനം എന്നിങ്ങനെ ഒരാഴ്ച നീണ്ടുനിന്ന വിവിധ പരിപാടികളുടെ ചെലവിനായാണ് മേൽപ്പറഞ്ഞ തുക വിനിയോഗിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.